**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മെയ് 30 'നഗരസഭാ ദിന'മായി ആചരിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നു

===================================================================

**തദ്ദേശ സ്വയം ഭരണ (ഇ എം) വകുപ്പ്**

സ.ഉ. (സാധാ) നം. **1381/2013**/തസ്വഭവ                    തിരുവനന്തപുരം, തീയതി, **27.05.2013**

===================================================================

പരാമർശം: 1. സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.34/2012/തസ്വഭവ തിയതി 14.02.2013

2. നഗരകാര്യ ഡയറക്ടറുടെ 06.05.2013-ലെ ജി2-4682/2013 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം ഒന്ന് സർക്കാർ ഉത്തരവ് പ്രകാരം, 2012 മുതൽ ഭരണഘടനയുടെ 73-ാം ഭേദഗതി നിലവിൽ വന്ന ദിനമായ ഏപ്രിൽ 24-ാം തിയതി പഞ്ചായത്ത് ദിനമായി ആഘോഷിച്ചുവരികയാണ്. എന്നാൽ നഗരസഭകൾക്കുവേണ്ടി അപ്രകാരം ഒരു ദിനാഘോഷമില്ലാത്തതിനാൽ 1994-ലെ കേരള മുനിസിപ്പൽ നിയമം പ്രാബല്യത്തിൽ വന്ന മെയ് 30 നഗരസഭാ ദിനമായി ആചരിക്കാവുന്നതാണെന്നും 2011-12 വർഷം മികച്ച പ്രവർത്തനം കാഴ്ചവച്ച നഗരസഭകൾക്കുള്ള അവാർഡ് ദാനം അന്നേ ദിവസം നൽകാവുന്നതാണെന്നും പരാമർശം രണ്ട് പ്രകാരം നഗരകാര്യ ഡയറക്ടർ ശിപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഈ വർഷം മുതൽ 1994-ലെ കേരള മുനിസിപ്പൽ നിയമം പ്രാബല്യത്തിൽ വന്ന മെയ് 30 നഗരസഭാ ദിനമായി ആചരിക്കുവാനും മികച്ച പ്രവർത്തനം കാഴ്ചവച്ച നഗരസഭകൾക്കുള്ള അവാർഡ് അന്നേ ദിവസം വിതരണം ചെയ്യാനും തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എം. ഷാഹുൽ ഹമീദ്**
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

എല്ലാ നഗരസഭാ ചെയർമാൻമാർക്കും/സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേനെ)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (എല്ലാ പത്ര-ദൃശ്യ മാധ്യമങ്ങളിലും പരസ്യപ്പെടുത്തുന്നതിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ